# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.153/PR/PIC/PHQ/18 Date :18.06.2018

**തെറ്റായ പ്രവണതകൾ തിരുത്താൻ ശക്തമായ നടപടി - മുഖ്യമന്ത്രി**

പോലീസ് സേനയിൽ തെറ്റായ പ്രവണതകൾ തിരുത്താൻ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തിരുവനന്തപുരം റൂറൽ വനിത സെല്ലിന്റെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഈ സർക്കാർ കൈക്കൊണ്ട വിവിധ നടപടികളുടെ ഫലമായി സംസ്ഥാനത്താകെ പോലീസ് പ്രവർത്തനം മെച്ചപ്പെടുത്താനും കുറ്റകൃത്യങ്ങളിൽ കുറവുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. തികച്ചും നിയമപരമായി പ്രവർത്തിക്കുന്ന, ഒരു ജനാധിപത്യ സമൂഹത്തിന് അനുഗുണമായ, സാധാരണക്കാരും ദുർബ്ബലരും ഉൾപ്പെടെ എല്ലാപേർക്കും നീതി ലഭ്യമാക്കുന്ന ഒരു പോലീസ് സംവിധാനം എന്ന നിലയിലേയ്ക്ക് കേരളത്തിലെ പോലീസ് സംവിധാനത്തെ പൂർണമായി മാറ്റുക എന്നതാണ് ലക്ഷ്യം. അക്കാര്യത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇത്തരത്തിൽ പ്രശംസയ്ക്കിടയാക്കുന്ന കാര്യങ്ങൾ നിരവധി ഉണ്ട്. പോലീസിനെ സംബന്ധിച്ച് വിമർശനത്തിനിടയാക്കിയിരുന്ന മൂന്നാം മുറ, അഴിമതി എന്നിവയെല്ലാം പൊതുവേ കുറഞ്ഞു വരികയാണ്. എന്നാൽ ഇതിന് വിപരീതമായ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ചിലയിടങ്ങളിൽ ഉണ്ടായിട്ടുണ്ട്. അവയ്ക്കെതിരെ സർക്കാർ വിട്ടുവീഴ്ച്ചയുമില്ലാത്ത നടപടികളാണ് സ്വീകരിച്ചത്. പോലീസ് അഭിമാനകരമായ പ്രവർത്തനങ്ങൾ നടത്തുന്ന സേനയാണ്. എന്നാൽ തിരുത്തപ്പെടേണ്ട ചില തെറ്റായ പ്രവണതകളും ചിലരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. അവ തിരുത്തി ശരിയാക്കുന്നതിനും സർക്കാർ ശക്തമായി ഇടപ്പെട്ടിട്ടുണ്ട്. എത്ര ഉന്നതരായ ഉദ്യോഗസ്ഥരായാലും തെറ്റായ കാര്യങ്ങളുണ്ടായാൽ ശക്തമായ നടപടിയുണ്ടാകും എന്നതാണ് നയം. അക്കാര്യത്തിൽ യാതൊരു ദാക്ഷിണ്യവും ഈ സർക്കാരിൽ നിന്ന് അത്തരം ഉദ്യോഗസ്ഥർ പ്രതീക്ഷിക്കേണ്ടതില്ല.

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സാമൂഹിക പദവി ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ പരിഗണനയാണ് ഈ സർക്കാർ നല്കി വരുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പുതന്നെ രൂപവത്കരിച്ചു. പദ്ധതികൾ നടപ്പാക്കുമ്പോൾ അതിലൊരു സ്ത്രീപക്ഷ സമീപനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പോലീസിലും നിരവധി പുതിയ സംവിധാനങ്ങൾ സ്ത്രീസുരക്ഷയ്ക്കായി ആവിഷ്കരിച്ചു. എട്ടു നഗരങ്ങളിൽ പിങ്ക് പട്രോൾ, എല്ലാ പഞ്ചായത്ത്-മുൻസിപ്പാലിറ്റി-കോർപ്പറേഷനുകളിലും സ്ത്രീസുരക്ഷ ഉറപ്പാക്കുന്ന

തിൽ പോലീസിനെ സഹായിക്കുന്നതിന് *നിർഭയ* വോളണ്ടിയർമാരുടെ സേവനം, പഞ്ചായത്തു തലങ്ങളിൽ അതിക്രമങ്ങൾ സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുവാൻ അദാലത്തുകൾ, അതിക്രമങ്ങൾക്കെതിരെ മികച്ച രീതിയിൽ നടപ്പിലാക്കുന്ന സ്വയം പ്രതിരോധ പരിശീലനം എന്നിവ ഇതിന്റെ ഭാഗമാണ്. ഈ നടപടികളുടെയെല്ലാം ഫലമായി സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2016 ൽ 15114 കേസുകളാണ് സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത്. 2017 ൽ അത് 14250 ആയി കുറഞ്ഞു. സ്ത്രീകൾക്ക് തങ്ങളുടെ പരാതികൾ സങ്കോചം കൂടാതെ ഉന്നയിക്കാനുള്ള സൗകര്യം സ്റ്റേഷനുകളിൽ ഇപ്പോൾ നിലവിലുണ്ട്. അതോടൊപ്പം വനിതകൾക്ക് പോലീസ് സ്റ്റേഷനിൽ പോകാതെ തന്നെ അതിക്രമങ്ങൾ സംബന്ധിച്ചും മറ്റുമുള്ള പരാതികൾ ഉന്നയിക്കാനുള്ള സംവിധാനം എന്ന നിലയ്ക്കാണ് ജില്ലകളിൽ വനിത സെൽ പ്രവർത്തിക്കുന്ന്. ഇവിടെ മനശാസ്ത്രപരമായ പരിഹാരമുൾപ്പെടെ നല്കുന്നതിന് കൗൺസിലർമാരെയും നിയോഗിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കെ.മുരളീധരൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. മേയർ വി.കെ.പ്രശാന്ത് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ സ്വാഗതമാശംസിക്കുകയും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി അശോക് കുമാർ കൃതജ്ഞത അറിയിക്കുകയും ചെയ്തു. ദക്ഷിണ മേഖല എഡിജിപി അനിൽകാന്ത്, തിരുവന്തപുരം റേഞ്ച് ഐജി മനോജ് എബ്രഹാം, നഗരസഭ കൗൺസിലർ ബിനു ഐ പി, കെ.പി.ഒ.എ. സംസ്ഥാന പ്രസിഡന്റ് ഡി.കെ. പൃഥ്വിരാജ്, കെ.പി.എ. സംസ്ഥാന പ്രസിഡന്റ് ടി.എസ്. ബൈജു തുടങ്ങിയവർ പങ്കെടുത്തു.

**********